ജന്മം കൊണ്ട് പവിത്രമായ പ്രദേശമാണ് പട്ടാമ്പി. ഒരു നൂറ്റാണ്ടു മുൻപ്, ജാതിയും മതവും അയിത്തവും അനാചാരവും യാഥാസ്ഥിക ചിന്തകളും കൊടികുത്തിവാണിരുന്ന കാലഘട്ടത്തിൽ ഹരിജനങ്ങൾക്കും മുസൽമാനും ക്രിസ്ത്യാനികൾക്കും എല്ലാം ഒന്നിച്ചിരുന്ന് സംസ്കൃതം പഠിക്കാൻ അവസരം സൃഷ്ടിച്ചുകൊടുത്ത മഹാനായിരുന്നു ഗുരുനാഥൻ എന്ന് അറിയപ്പെടുന്ന പുന്നശ്ശേരി നമ്പി. പട്ടാമ്പിയിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും സംസ്കൃത പാഠശാലകൾ സ്ഥാപിച്ചിരുന്ന മഹാനായിരുന്നു അദ്ദേഹം. അതുകൊണ്ട് പുന്നശ്ശേരി നമ്പിയുടെ സേവനങ്ങൾ കണക്കിലെടുത്ത് അദ്ദേഹത്തിന്റെ പേരിൽ പട്ടാമ്പിയിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സംസ്കൃത ഭാഷയ്ക്ക് വളരെ വിലപ്പെട്ട സംഭാവന നൽകിയ ആളാണ് ശ്രീ. നീലകണ്ഠശർമ്മ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെയാണ് പട്ടാമ്പിയിൽ ഒരു സംസ്കൃത കോളേജ് പ്രവർത്തിക്കുന്നത്. അതുപോലെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ പ്രധാനമുള്ളതാണ് അദ്ദൈത പ്രചാരകനായ ശ്രീ. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി. അവിടെ ഗവൺമെന്റ് ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആ സംസ്കൃത സർവ്വകലാശാല ഈ വർഷം തന്നെ സ്ഥാപിക്കുന്നതാണ്. ഗവൺമെന്റുതന്നെ ശ്രീ. പി. കെ. നാരായണപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചപ്പോൾ, അതിൽ ഗവൺമെന്റ് നൽകിയിരുന്ന നിർദ്ദേശം കാലടിയിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ്. ആ നിലയ്ക്കാണ് അദ്ദേഹം റിപ്പോർട്ട് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട ഇസ്മയിലും കേന്ദ്രമന്ത്രി കെ. ആർ. നാരായണനുമെല്ലാം ഇത് പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ഒരു അഭ്യർത്ഥന ഗവൺമെന്റിന്റെ മുമ്പാകെ വച്ചിട്ടുണ്ട്. സാങ്കേതികമായി ഇ ബുദ്ധിമുട്ടുകളാണ് നിലവിലുള്ളത്.

## 16. കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പകൽക്കുറിയിൽ നടന്ന റസീനയുടെ കൊലപാതകം

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, സ്ത്രീധനം കുറഞ്ഞുപോയതുകൊണ്ട് നടന്ന ഒരു കൊലപാതകത്തെ സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. എന്റെ നിയോജകമണ്ഡലത്തിൽ പകൽക്കുറി, താഴത്തുവീട്ടിൽ മേലതിൽ അബ്ദുൽ സലാമിന്റെ മകൻ നാസർ വർക്കല കിഴക്കേപ്പുറം നബീസ മാൻസിലിൽ അലി അഹമ്മദിന്റെ മകൾ ബേബി റസീനയെ 12-9-1985-ൽ വിവാഹം ചെയ്യുകയും എന്നാൽ അധികനാൾ കഴിയും മുൻപുതന്നെ ആ ദമ്പതികൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലാതാകുകയും ചെയ്തു. അയൽക്കാർക്ക് പലപ്പോഴും ഈ കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 7-6-1986-ൽ റസീനയെ അവശനിലയിൽ കൊട്ടിയം ഹോളി ക്രോസ് ആശുപത്രിയിലും പിന്നീട് കൊല്ലം ജില്ലാ ആശുപത്രിയിലും അതിനു ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയുണ്ടായി. മരണപ്പെട്ട റസീനക്ക് ഭർതൃഗൃഹത്തിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെ കഥകൾ പറയുന്ന ഡയറിക്കുറിപ്പുകൾ ആരെയും വേദനി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നതാണ്. ബി.എസ്.സിക്കാരിയും, നിരപരാധിയും നിരുപദ്രവകാരിയുമായ ആ പെൺകുട്ടിയെ ക്രൂരമായിട്ടാണ് ആ വീട്ടുകാർ കൊലപ്പെടുത്തിയത്. ക്രൂരമായ ഈ കൊലപാതകത്തിൽ ആ നാട്ടുകാർ രാഷ്ട്രീയത്തിനതീതമായി പ്രതിഷേധിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കുറ്റവാളികളുടെ പേരിൽ കർശനമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 11-6-1986 വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചാണ് റസീന മരണമടഞ്ഞത്. ഇതിനെക്കുറിച്ചുള്ള റസീനയുടെ ഉമ്മയുടെ ജേഷ്ഠത്തിയുടെ മകൻ ബഷീറിന്റെ പരാതി 12-6-1986 രാവിലെ പള്ളിക്കൽ പോലീസ് സ്റ്റേഷനിൽ കിട്ടി. സംശയകരമായ മരണം എന്ന പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും മൃതദേഹം പോസ്റ്റുമോർട്ടം പരിശോധനക്കുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. പോസ്റ്റുമോർട്ടം പരിശോധനയിൽ സംശയകരമായ യാതൊന്നും വെളിവായിട്ടില്ല. ശരീരത്തിൽ മുറിവുകളോ ക്ഷതവുകളോ ഉണ്ടായിരുന്നില്ല. റസീനയുടെ കിട്ടപ്പുമുറിയിൽ ബാർബിട്ടോൺ ഗുളികകളും കണ്ടെടുത്തിട്ടുണ്ട്. ആ ഗുളികകളും അമിതമായി കഴിച്ചായിരിക്കാം മരണകാരണമെന്ന് സംശയിക്കപ്പെടുന്നു. ആമാശയ ഭാഗങ്ങളും കെമിക്കൽ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. അതിന്റെ റിസൽട്ടു ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ എന്നാണ് പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ അഭിപ്രായം. കേസ് അന്വേഷണം ആറ്റിങ്ങൽ ഡി.വൈ.എസ്.പി. നേരിട്ട് നടത്തുന്നു.

## 17. വെള്ളൂരിലെ റെയിൽവേ ഫുട് ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. എം. കെ. കേശവൻ: സർ, വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ റെയിൽവേ പാലത്തിൽ വച്ച് 13 പേർ മരണമടഞ്ഞതു കാരണം അവിടെ ഒരു ഫുട് ബ്രിഡ്ജ് പണിയണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് നമ്മുടെ സർക്കാർ 14,000 രൂപ സെൻറേജ് കെട്ടിവയ്ക്കുകയുണ്ടായി. കഴിഞ്ഞ ദിവസം നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട വകുപ്പു മന്ത്രി പറഞ്ഞു, ഇതിനുവേണ്ടി 11 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട് എന്ന്. ആ റെയിൽവേ സ്റ്റേഷനിൽതന്നെ ഒരു ആട്ടോമേറ്റിക് ലവൽ ക്രോസ് പണിയുന്നതിന് പഞ്ചായത്ത് 3½ ലക്ഷം രൂപ കെട്ടിവച്ചിട്ടുണ്ട്. രണ്ടിനേറെയും പണിയായിട്ടില്ല. അടിയന്തിരമായി നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, പഞ്ചായത്ത് തുക കെട്ടിവച്ചിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റി ഗവൺമെൻറിനു യാതൊരു വിവരവുമില്ല. ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെൻറിനോട് ചോദിച്ചിട്ട് അവർക്കും അതിനെപ്പറ്റി വിവരമില്ല. റെയിൽവേ പാലങ്ങളാണ് നമുക്ക് വളരെ കൂടുതലായി ആവശ്യമായിട്ടുള്ളത്. പുതിയ ബ്രോഡ്ഗേജ് വരികയും ബ്രോഡ്ഗേജ് റെയിൽവേ ലൈനിൽ ചിലടത്തൊക്കെ പാത ഇരട്ടിക്കുകയും ചെയ്തപ്പോഴാണ് നമ്മൾ, നേരത്തെ ഉദ്ദേശിച്ചിരുന്നതിനേക്കാൾ തുക കൂടുതലായി വേണ്ടിവന്നിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ തുകയുടെ ലഭ്യത വളരെ പരമപ്രധാനമാണ്. അദ്ദേഹം പറഞ്ഞ ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly